प्रेस प्रकाशनी PRESS RELEASE

भारतीय रिज़र्व बैंक
RESERVE BANK OF INDIA
वेबसाइट : www.rbi.org.in/hindi
Website : www.rbi.org.in
इ-मेल email: helpdoc@rbi.org.in

संचार विभाग, केंद्रीय कार्यालय, एस.बी.एस.मार्ग, मुंबई-400001
DEPARTMENT OF COMMUNICATION, Central Office, S.B.S.Marg, Mumbai-400001
फोन/Phone: 022 2261 0835 फैक्स/Fax: 91 22 22660358

സെപ്തംബർ 26, 2018

**1949-ലെ ബാങ്കിംഗ് റഗുലേഷൻ ആക്ട് (എ.എ.സി.എസ്.) സെക്ഷൻ 35A പ്രകാരമുള്ള നിയന്ത്രണ നിർദ്ദേശങ്ങൾ-ലഖ്നോവിലെ യു.പി. സിവിൽ സെക്രട്ടേറിയറ്റ് പ്രൈമറി സഹകരണബാങ്ക് ലിമിറ്റഡ്**

പൊതുജന താല്പര്യം മുൻനിർത്തി, ലഖ്നൗവിലെ യു.പി. സിവിൽ സെക്രട്ടേറിയറ്റ് പ്രൈമറി സഹകരണ ബാങ്ക് ലിമിറ്റഡിനുമേൽ ചില നിയന്ത്രണ നിർദ്ദേശങ്ങൾ പുറപ്പെടുവി ക്കേണ്ടിയിരിക്കുന്നു എന്ന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് ബോദ്ധ്യപ്പെട്ടി രുന്നു. ആയതനുസരിച്ച് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, 1949-ലെ ബാങ്കിംഗ് റഗുലേഷൻ ആക്ട് (സഹകരണ സംഘങ്ങൾക്ക് ബാധകമാംവിധം) സെക്ഷൻ 35A, സബ് സെക്ഷൻ (1), ഒപ്പം സെക്ഷൻ 56 പ്രകാരം ലഭിച്ചിട്ടുള്ള അധികാരം പ്രയോഗിച്ച് ഇതിനാൽ ഉത്തര വിടുന്നതെന്താൽ, യു.പി. സിവിൽ സെക്രട്ടറിയേറ്റ് സഹകരണ ബാങ്ക് ലിമിറ്റഡ്, റിസർവ് ബാങ്കിൻറെ മുൻകൂട്ടിയുള്ള രേഖാമൂലമുള്ള അംഗീകാ രമില്ലാതെ ഏതെങ്കിലും വായ്പകൾ അനുവദിക്കുകയോ, അവ പുതുക്കുകയോ, ഏതെങ്കിലും നിക്ഷേപങ്ങൾ നടത്തുകയോ, പുതിയ നിക്ഷേപങ്ങളുൾപ്പെടെ പണം കടം വാങ്ങുകയോ, ഏതെങ്കിലും ബാദ്ധ്യതകളോ, കടപ്പാടുകളോതീർക്കാമെന്ന് സമ്മതിക്കുകയോ പണം വിതരണം ചെയ്ത്തീർക്കുകയോ, മറ്റുകാര്യങ്ങളുൾപ്പെടെ താഴെപ്പറയും വിധവും പരിധിയിലു മല്ലാതെ വസ്തുക്കളോ മറ്റു ആസ്തികളോ വിൽക്കുകയോ വിൽക്കാമെന്ന് സമ്മതിക്കു കയോ ചെയ്യാൻ പാടില്ല.

ഓരോ സേവിംഗ്സ് കറൻറ്/ അക്കൗണ്ടോ, മറ്റേതെങ്കിലും നിക്ഷേപ അക്കൗണ്ടിൽനിന്നോ, മറ്റേതെ ങ്കിലും പേരിലറിയപ്പെടുന്ന നിക്ഷേപ അക്കൗണ്ടിൽ നിന്നോ ബാക്കി നിൽക്കുന്ന തുകയിൽ നിന്ന് 1000 രൂപ (രൂപ ആയിരം മാത്രം)യിൽ കവിയാത്തതുക മാത്രമേ പിൻവലിക്കാൻ അനുവദിക്കാവൂ. എന്നാൽ നിക്ഷേപകൻ ഒരു വായ്പക്കാരനെന്ന നിലയിലോ, ജാമ്യക്കാരനെന്ന നിലയിലോ, ബാദ്ധ്യതപ്പെട്ടിട്ടുണ്ടെങ്കിൽ തുക, ആ വായ്പ അക്കൗണ്ടിലേക്ക് വരവു വയ്ക്കണം.

നിലവിലുള്ള സ്ഥിര നിക്ഷേപങ്ങൾ കാലാവധിയെത്തുമ്പോൾ അതേ പേരിലും അതേ പദവിയിലും മാത്രമേ പുതുക്കി നൽകാവൂ.

മുകളിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങളിൽ അനുവദിച്ചിട്ടുള്ളതുപോലെ മാത്രമേ ചിലവുകൾ ചെയ്യാവൂ.

ഗവർൺമെൻറ്/എസ്.എൽ.ആർ. അംഗീകാരമുള്ള കടപ്പത്രങ്ങളിൽ മാത്രമേ നിക്ഷേപങ്ങൾ നടത്താവൂ.

റിസർവ് ബാങ്കിൻറെ രേഖാമൂലമായ പ്രത്യേക അംഗീകാരമില്ലാതെ പുതിയ ബാദ്ധ്യതക ളുണ്ടാക്കു കയോ ഉള്ളവ തീർക്കുകയോ ചെയ്യാൻ പാടില്ല.

താല്പര്യമുള്ള പൊതുജനങ്ങൾക്ക് വായിച്ചറിയുവാൻവേണ്ടി വിശദമായ നിർദ്ദേശങ്ങൾ ബാങ്ക് മന്ദിരത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. സാഹചര്യങ്ങ ളനുസരിച്ച് റിസർവ് ബാങ്ക് ഈ നിയന്ത്രണ നിർദ്ദേശങ്ങളിൽ ഭേദഗതികൾ വരുത്തുന്നകാര്യം പരിഗണിച്ചേക്കാം. ഇങ്ങനെ

നിർദ്ദേശങ്ങൾ പുറപ്പെടു വിച്ചതുകാരണം ബാങ്കിൻറെ ലൈസൻസ് ആർ.ബി.ഐ. റദ്ദാക്കിയതായി കരുതേണ്ട തില്ല. നിയന്ത്രണ ങ്ങളോടുകൂടി, ബാങ്ക്, ബാങ്കിടപാടുകൾ കൈകാര്യം ചെയ്യുന്നതായിരിക്കും.

2018 സെപ്തംബർ 25 ബിസിനസ് അവസാനിച്ച സമയം മുതൽ ആറുമാസക്കാ ലത്തേക്ക്, കാലാകാലമുള്ള പുനരവലോകനത്തിനുവിധേയ മായി, ഈ നിർദ്ദേശങ്ങൾ ബാധകമായിരിക്കും.

അജിത് പ്രസാദ്
അസിസ്റ്റൻറു അഡ്വൈസർ

പ്രസ്സ് റിലീസ് **2018-2019/712**